LIBRARY ARCHIVES Kerala Legislative Assembly

പെരുന്തേനരുവി ടൂറിസം പദ്ധതി

333 (2889) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; പണി ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കാമോ ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് ;

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ പണികൾ കാലതാമസം നേരിടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രശ്നം പരിഹരിച്ച് പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ;

(ഡി) മുടങ്ങിയ പണികൾ എന്ന് പുനരാരംഭിക്കും എന്ന് പറയാമോ ; പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ വേണ്ട സമയം എത്രയാണെന്ന് വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി 97,12,800 (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്) രൂപയും രണ്ടാം ഘട്ടമായി 75,85,000 (എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണച്ചുമതല നിർവ്വഹിക്കുന്നത്. നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ്, ജല സംവിധാനം ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

(ബി) പാറ പൊട്ടിക്കുവാൻ അനുവാദം കിട്ടുവാനുള്ള കാലതാമസമാണ് പദ്ധതി വൈകുവാനുള്ള കാരണം.

(സി&ഡി) പണികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് 19-8-2014-ൽ ജില്ലാ കളക്ടർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗം, അനുമതി നൽകിയ ഇകയിൽ നിർമ്മാണം പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്ലെറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശാന്തിഗിരിയിൽ വഴിയോര വിശ്രമകേന്ദ്രം

334 (2890) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ശാന്തിഗിരി കേന്ദ്രമായി വഴിയോര വിശ്രമകേന്ദ്രം (Wayside amenity centre) സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയത് എന്നാണ് ;

(ബി) ആയതിനായി എത്ര രൂപ അനുവദിച്ചു ; ഇതിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 28-7-2012-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1,30,00,000 രൂപ അനുവദിച്ചു. ഇതിൽ Food & Snacks Court, IT Integrated Facilitation Centre, Rest Room, Toilet etc. with Ample Parking Facility and support services എന്നീ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്.

(സി) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly